13. മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്തുക.
14. കേരളത്തിൽ 'എയർ കേരള എക്സ്പ്രസ്സ്' നടത്തിപ്പ് സംബന്ധിച്ച്
15. ഗൾഫ് സെക്ടറിലേക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം
16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്
17. എൽ.എൻ.ജി.-ക്കുവേണ്ടി ഗെയിലിന്റെ പൈപ്പിടൽ സംബന്ധിച്ച്.

(സി&ഡി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അവ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്ത ഉദ്യോഗസ്ഥനെതിരെ നടപടി

222 (197) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം തന്നെ ഉത്തരം നൽകാൻ കഴിയുംവിധം വകുപ്പുകളിൽ ഏർപ്പെടുത്തപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, സാമാജികരുടെ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി കഴിവതും യഥാസമയം തന്നെ ലഭ്യമാക്കാറുണ്ട്. മറുപടി യഥാസമയം നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ഇതിനായി വകുപ്പുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് ഓരോ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിലും പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരിൽ ഒരാളെ ലെയ്സൺ ഓഫീസറായി ഓരോ വകുപ്പിലും നിയമിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ

223 (198) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ ഈ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ കമ്മീഷൻ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടത്;

(സി) ഇതിൻപ്രകാരം നാളിതുവരെ ഈ ഇനത്തിൽ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ തുക ഉപയോഗിച്ച് ഇതുവരെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ മുൻ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. പി. പ്രഭാകരനെ 31-5-2012-ലെ സ.ഉ. (കൈ) 220/12/റവ. നമ്പർ ഉത്തരവ് പ്രകാരം നിയോഗിക്കുകയും 2012 ഒക്ടോബർ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി റിപ്പോർട്ടിൽ കാസർഗോഡ് വികസന പാക്കേജ് എന്ന പേരിൽ 11123.07 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. കൃഷിയും അനുബന്ധ മേഖലകളും, മത്സ്യബന്ധനം, മൃഗസംരക്ഷണവും ക്ഷീരവികസനവും, വ്യവസായം, തൊഴിൽ, നൈപുണ്യം, വിനോദ സഞ്ചാരം, വൈദ്യുതി, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly